
അബ്ദുല്ല നദ്‌വി, കുറ്റൂർ

# ഹദീസ് ക്രോഡീകരണത്തിന്റെ സംക്ഷിപ്ത ചരിത്രം

**ഖുർആനിക** വചനങ്ങൾ അവതരിക്കുന്ന മാത്രയിൽ എഴുതി സൂക്ഷിക്കാൻ പ്രത്യേകം നിർദേശിച്ചിരുന്നു പ്രവാചകൻ. ഹദീസുകൾ എഴുതിവെക്കാൻ ആജ്ഞാപിക്കുകയോ നിർദേശിക്കുകയോ ചെയ്തിരുന്നില്ല. അതേസമയം, ഹദീസുകൾ 'ഹൃദയ ഫലകങ്ങളിൽ' കുറിച്ചുവെക്കണമെന്ന് പ്രവാചകൻ അനുചരന്മാരെ ഉണർത്തിയിരുന്നു: "എന്റെ വചനം കേൾക്കുകയും അത് ഹൃദിസ്ഥമാക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്ന അടിമയെ അല്ലാഹു അനുഗ്രഹിക്കട്ടെ" (നബിവചനം). എന്നാൽ, ഹൃദയങ്ങളിലൂടെ ഹദീസുകൾ കൈമാറുമ്പോൾ മറന്ന് പോകാനും തെറ്റുകൾ പിണയാനും സാധ്യതയില്ലേ? ഇത്തരം സംശയങ്ങളെ അപ്രസക്തമാക്കുംവിധം അത്ഭുതകരമായ ഓർമശക്തിയുടെ ഉടമകളായിരുന്നു അറബികൾ. പുസ്തകങ്ങളവലംബിക്കുംതോറും ഓർമശക്തി കുറഞ്ഞു വരുന്നതായാണ് കാണുന്നത്. അബൂതമാം എന്ന കവി 14,000 ജാഹിലീ കവിതകൾ ഹൃദിസ്ഥമാക്കിയിരുന്നു. ഹമ്മാദ് എന്ന കവി 27,000 കവിതകളും ഓരോ അക്ഷരംകൊണ്ടും തുടങ്ങുന്ന 1,000 കവിതകൾ വേറെയും ഹൃദിസ്ഥമാക്കിയിരുന്നു. കവി അസ്മാഈ 16,000 കവിതകൾ മനഃപാഠമാക്കിയിരുന്നു. കവിതാ മത്സരങ്ങളിൽ ഒരേ ഇരിപ്പിൽ ആയിരക്കണക്കിന് കവിതകൾ ചൊല്ലി എതിരാളികളെ വെല്ലുവിളിച്ചവരും അവരിലുണ്ട്. ഇമാം ബുഖാരി(റ) 600,000 ഹദീസുകൾ മനഃപാഠമാക്കുകയുണ്ടായി. ഹദീസുകളുടെ ഘടനാഭദ്രതയും പഴഞ്ചൊല്ലുകൾ പോലെ ഓർത്തുവെക്കാനുള്ള സൗകര്യവും പദവിന്യാസവും ഓർമത്തെറ്റു വരാതെ അവ ഹൃദിസ്ഥമാക്കാൻ സഹായകമാകുന്നു. ഇങ്ങനെ വിശ്വസ്തരും നിസ്വാർഥരുമായ അനുചരവൃന്ദത്തിന്റെ മനസിലാണ് ഈ ഘട്ടത്തിൽ ഹദീസുകൾ പൊതുവെ ക്രോഡീകരിക്കപ്പെട്ടത്. പ്രവാചകന്റെ വചനങ്ങളും കർമങ്ങളും മൗനാനുവാദവും മറ്റും ബൃഹത്തായ ഒരു ഗ്രന്ഥത്തിൽ സമാഹരിക്കുക അക്കാലത്ത് എളുപ്പമായിരുന്നില്ല. കൂടാതെ, പ്രവാചകൻ അവർക്കിടയിൽ ജീവിച്ചിരിക്കുന്നതിനാൽ ഏത് സംശയവും നേരിട്ട് അന്വേഷിക്കാമെന്നിരിക്കെ, ഒരു ഗ്രന്ഥസമാ



ഹാരത്തിന്റെ ആവശ്യവുമുണ്ടായിരുന്നില്ല.

അക്കാലത്ത്, ഹദീസുകൾ മനഃപാഠമാക്കിയിരുന്ന പ്രധാന സ്വഹാബികൾ ഇവരായിരുന്നു: അബ്ദുല്ലാഹിബ്നു ഉമർ, അബ്ദുല്ലാഹിബ്നു അബ്ബാസ്, അബ്ദുല്ലാഹിബ്നു അംറ്, ആഇശ, അബൂഹുറയ്റ. അബൂഹുറയ്റ(റ) പറയുകയുണ്ടായി: "സത്യമിതായിരുന്നു. അഭയാർഥികളായ ഞങ്ങളുടെ സഹോദരന്മാർ (മുഹാജിർ) അങ്ങാടിയിൽ കച്ചവടകാര്യങ്ങളിൽ വ്യാപൃതരായിരുന്നു. ഞാൻ വയർ അടക്കിപ്പിടിച്ച് എപ്പോഴും പ്രവാചകന്റെ കൂടെ കഴിഞ്ഞു. അങ്ങനെ അവർ സന്നിഹിതരല്ലാത്ത സന്ദർഭങ്ങളിൽ ഞാൻ സന്നിഹിതനായി. അവർ ഓർക്കാത്തത് ഞാൻ ഹൃദിസ്ഥമാക്കി. സഹായികളായ ഞങ്ങളുടെ സഹോദരന്മാർ (അൻസ്വാർ) കൈത്തൊഴിലുകളിൽ മുഴുകിക്കഴിഞ്ഞു. ഞാൻ, സദാ പള്ളിയിൽ കഴിഞ്ഞിരുന്ന സുഫ്ഫത്ത് വിഭാഗത്തിലെ ഒരു ദരിദ്രനായ അന്തേവാസിയായിരുന്നു. അങ്ങനെ മറ്റുള്ളവർ മറന്ന് കളയുന്നവ ഞാൻ മനനം ചെയ്തുകൊണ്ടിരുന്നു.'' (ഫത്ഹുൽബാരി. വാള്യം 1, പേജ്: 214).

ഹദീസ് ശേഖരണത്തിന് ആദ്യകാലത്ത് മുഖ്യമായി അവലംബിച്ചിരുന്നത് ഓർമശക്തിയെയായിരുന്നു എന്നുമാത്രമേ ഇപ്പറഞ്ഞതിനർഥമുള്ളൂ. കാരണം, ഹദീസുകൾ എഴുതിയെടുത്ത് ഏടുകളായി സൂക്ഷിക്കുന്നവർ അക്കാലത്തുമുണ്ടായിരുന്നു. അബ്ദുല്ലാഹിബ്നു ഉമർ, പ്രവാചകന്റെ ജീവിതകാലത്തുതന്നെ ഹദീസുകൾ എഴുതിയിരുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം പ്രവാചക സന്നിധിയിൽ വന്ന് ചോദിച്ചു: 'ദൈവദൂതരേ! താങ്കളുടെ ചില ഹദീസുകൾ നിവേദനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്നതോടൊപ്പം അവ എഴുതിവെക്കാനും ഞാൻ ഉദ്ദേശിക്കുന്നു. ഇതിനെക്കുറിച്ച് എന്ത് നിർദേശമാണ് താങ്കൾ നൽകുന്നത്?' പ്രവാചകൻ പറഞ്ഞു: 'അവ എന്റെ ഹദീസുകളാണെങ്കിൽ മനഃപാഠമാക്കുന്നതോടൊപ്പം എഴുതുകയും ചെയ്യുക.' ഇതുപോലെ പല സ്വഹാബികളുടെയും കൈവശം ഹദീസുകൾ എഴുതിയ ഏടുകളുണ്ടായിരുന്നതായി കാണാം. സഅദുബ്നു ഉബാദയുടെ (റ) കൈയിൽ ഹദീസ് രേഖപ്പെടുത്തിയ ഒരു ഏടുണ്ടായിരുന്നതായി തിർമിദി റിപ്പോർട്ടു ചെയ്യുന്നു. ജാബിറുബ്നു അബ്ദില്ല(റ)യുടെയും അബ്ദുല്ലാഹിബ്നു അബീ ഔഫിന്റെയും കൈവശവും ഹദീസിന്റെ ഏടുകൾ ഉണ്ടായിരുന്നു. അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്(റ) പ്രവാചകനിൽനിന്ന് നേരിട്ട് എഴുതിയെടുത്ത *അസ്സ്വഹീഫത്തുസ്സ്വാദിഖഃ* (സത്യസന്ധമായ ഏട്) ഏറെ പ്രസിദ്ധമാണ്. ഇതിൽ ആയിരത്തിലധികം ഹദീസുകൾ ഉണ്ടായിരുന്നതായി ഇബ്നുൽ അസീർ പറയുന്നു. ഇന്നത് ലഭ്യമല്ല. ഇത് ഇമാം അഹ്മദിന്റെ മുസ്നദിൽ ചേർക്കപ്പെടുകയാണുണ്ടായത്.



**ഹദീസുകളുടെ ഘടനാഭദ്രതയും പഴഞ്ചൊല്ലുകൾ പോലെ ഓർത്തുവെക്കാനുള്ള സൗകര്യവും പദവിന്യാസവും ഓർമ്മത്തെറ്റു വരാതെ അവ ഹൃദിസ്ഥമാക്കാൻ സഹായകമാകുന്നു.**

**രണ്ടാം ഘട്ടം**

ഹിജ്റ 11 മുതൽ ഏകദേശം ഹിജ്റ 100 വരെയുള്ള ഘട്ടമാണിത്. പ്രവാചകന്റെ മരണം മുതൽ ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മരിച്ച പ്രവാചകനുമായി സഹവസിച്ച ഒടുവിലത്തെ അനുയായിയുടെയും മരണം വരെയുള്ള ഘട്ടം. (ഹിജ്റ 91-ൽ മരണപ്പെട്ട അനസുബ്നു മാലിക്(റ) എന്ന പ്രസിദ്ധ സ്വഹാബിയാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്). സച്ചരിതരായ നാലു ഖലീഫമാരുടെയും പ്രഗത്ഭരായ സ്വഹാബികളുടെയും കാലഘട്ടവും ഇതുതന്നെ.

ഹദീസുകൾ പൂർണമായി ലഭിക്കത്തക്കവിധം ആശ്രയിക്കാവുന്ന ഹദീസ് ഗ്രന്ഥങ്ങൾ അവരുടെ കൈവശമുണ്ടായിരുന്നില്ല. മറ്റൊരു അനുചരന്റെ അടുക്കൽ പോയി അദ്ദേഹത്തിൽനിന്ന് നേരിട്ട് കേൾക്കുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ.

അങ്ങനെ ഓരോ സ്വഹാബിയും താമസിക്കുന്ന പ്രദേശങ്ങൾ ഓരോ വിജ്ഞാന കേന്ദ്രങ്ങളായി ഉയർന്നുവന്നു. പിന്നീട് ഈ വിദ്യാകേന്ദ്രങ്ങളിലേക്കു വിജ്ഞാനകുതുകികളുടെ പ്രവാഹമായി. ഇത്തരം കേന്ദ്രങ്ങൾ ഹദീസ് പഠിപ്പിക്കുന്ന പാഠശാലകളും കലാലയങ്ങളുമായി പരിണമിച്ചു. ജിജ്ഞാസുക്കളായ ചില വിദ്യാർഥികൾ ഏക പാഠശാലകൊണ്ട് തൃപ്തരാവാതെ, അനേകം അനുചരന്മാരെ സമീപിച്ച് ഹദീസ്പഠനവും ശേഖരണവും ആരംഭിച്ചു. അങ്ങനെ ഹദീസ് പഠനത്തിന് ജീവിതം സമർപ്പിച്ച മനസ്സിന്റെ പേജുകളിൽ ഹദീസുകളുടെ വൻശേഖരംതന്നെ സ്വായത്തമാക്കിയ ഒരു പണ്ഡിത സമൂഹം രൂപപ്പെട്ടു. ജാബിറുബ്നു അബ്ദില്ല ഒരു ഹദീസ് ശരിയാണോ എന്ന് ഉറപ്പിക്കാനായി മദീനയിൽനിന്ന് സിറിയ വരെ സഞ്ചരിച്ചുവെന്നാണ് ചരിത്രം. ഇത് അക്കാലത്തെ ഒരു മാസത്തെ യാത്രാ ദൈർഘ്യമാണ്. അബൂ അയ്യൂബിൽ അൻസ്വാരി അഖബതുബ്നു ആമിറി(റ)ൽനിന്ന് ഒരു ഹദീസ് കേൾക്കാൻ സുദീർഘമായ ഒരു യാത്ര നടത്തി. സൈദുബ്നു മുസയ്യബ് ഒരു ഹദീസിന്റെ അന്വേഷണത്തിനുപോലും ദീർഘയാത്രകൾ പതിവാക്കിയിരുന്നു. അബ്ദുൽ അലി(റ) ഇങ്ങനെ പറഞ്ഞതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു: "ഞങ്ങൾ ഒരു പ്രവാചക വചനം കേൾക്കുന്നു. പക്ഷേ, ആ ഹദീസ് ഉദ്ധരിച്ച വ്യക്തിയിൽനിന്ന് നേരിട്ട് അത് കേൾക്കാതെ ഞങ്ങൾ തൃപ്തരായി

**ഉമറുബ്നു അബ്ദിൽ അസീസ്, അബൂബക്കർ ഇബ്നു ഹസമിന് ഇങ്ങനെ എഴുതിയതായി ബുഖാരി ഉദ്ധരിക്കുന്നു: “പ്രവാചകന്റെ ഹദീസുകൾ കണ്ടാൽ അവ രേഖപ്പെടുത്തുക. കാരണം, വിദ്യയുടെ തേയ്മാനവും പണ്ഡിതന്മാരുടെ വിയോഗവും ഞാൻ ഭയപ്പെടുന്നു. പ്രവാചകവചനങ്ങളല്ലാതെ മറ്റൊന്നുപോലും സ്വീകരിച്ചുപോവരുത്. ജനങ്ങൾക്കിടയിൽ വിജ്ഞാനം വ്യാപകമാവട്ടെ.**

രുന്നില്ല” (*ഫത്ഹുൽ ബാരി*, വാല്യം 1, പേജ്: 159). ഈ കാലഘട്ടത്തിലെ ആദ്യ ഹദീസ് സമാഹാരമാണ് ഇമാം അലിയുടെ(റ) *അൽ ഖതാദ*. പ്രവാചകന്റെ മരണാനന്തരം ഇബ്നു അബ്ബാസും(റ) മറ്റൊരു ലഘുകൃതി സമാഹരിക്കുകയുണ്ടായി. ഹിജ്റ 61-ലാണ് ഇബ്നു അബ്ബാസ് മരണപ്പെട്ടത്. അലിയും ഇബ്നു അബ്ബാസും എഴുത്തും വായനയും അറിയാവുന്നവരും ഹദീസ് വിദ്യയിൽ അഗ്രഗണ്യരുമായിരുന്നു. പക്ഷേ, ഇവരുടെ സമാഹാരത്തിൽ ഏതാനും ഹദീസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ കൃതികൾ പിന്നീട് ഇബ്നു ശിഹാബ് അൽ സുഹ്രി വിപുലീകരിക്കുകയുണ്ടായി. ഇദ്ദേഹമാണ് ആദ്യമായി ഹദീസുകൾ വ്യവസ്ഥാപിതമായി സമാഹരിച്ചത്. അമവിയ്യാ ഖലീഫ ഉമറുബ്നു അബ്ദിൽ അസീസ് (മരണം ഹി. 101) ഹദീസ് ക്രോഡീകരിക്കാൻ ചുമതലപ്പെടുത്തിയ രണ്ട് പേരിലൊരാൾ ഇബ്നു ശിഹാബ് സുഹ്രിയാണ്. മറ്റേയാൾ അബൂബക്റുബ്നു ഹസമും, ഉമറുബ്നു അബ്ദിൽ അസീസ്, അബൂബക്ർ ഇബ്നു ഹസമിന് ഇങ്ങനെ എഴുതിയതായി ബുഖാരി ഉദ്ധരിക്കുന്നു: “പ്രവാചകന്റെ ഹദീസുകൾ കണ്ടാൽ അവ രേഖപ്പെടുത്തുക. കാരണം, വിദ്യയുടെ തേയ്മാനവും പണ്ഡിതന്മാരുടെ വിയോഗവും ഞാൻ ഭയപ്പെടുന്നു. പ്രവാചകവചനങ്ങളല്ലാതെ മറ്റൊന്നുപോലും സ്വീകരിച്ചുപോവരുത്. ജനങ്ങൾക്കിടയിൽ വിജ്ഞാനം വ്യാപകമാവട്ടെ. (*ഫത്ഹുൽബാരി,* വാല്യം 1, പേജ്: 194)

### മൂന്നാം ഘട്ടം

ഹിജ്റ 101 മുതൽ ഏകദേശം ഹിജ്റ 200 വരെ പ്രവാചകന്റെ അനുചരന്മാരുടെ പിൻഗാമികൾ ജീവിച്ച കാലഘട്ടം. വിവിധ വിദ്യാകേന്ദ്രങ്ങളിൽനിന്ന് ഹദീസുകൾ ശേഖരിക്കുന്നതിലും സമാഹരിക്കുന്നതിലും ബദ്ധശ്രദ്ധരും ത്യാഗസന്നദ്ധരുമായിരുന്നു ഇവർ. ഈ കാലത്തെ ചില പ്രമുഖ ഹദീസ് പണ്ഡിതന്മാരുടെ പേരും സ്ഥലവും ചുവടെ ചേർക്കുന്നു: മഅ്മറുബ്നു റശീദ് (ബഗ്ദാദ്), സൈദുബ്നു അബീ ഉബാദ (ബസ്വറ), റബീഉബ്നു ശാബി (ബസ്റ), ഇബ്നു ജരീഹ് (ബഗ്ദാദ്), അബ്ദുൽ മലികുബ്നു ജുറൈജ് (മക്ക), സുഫ്യാനുബ്നു സൗരി (കൂഫ), വലീദുബ്നു മുസ്‌ലിം (സിറിയ), അബ്ദുല്ലാഹിബ്നു മുബാറക് (ഖുറാസാൻ), ഹാശിമുബ്നു ബശീർ (ഫുസ്ത്വാത്), സുഫ്യാനുബ്നു ഉയൈന (മദീന). ഇവരുടെ ഹദീസ്സമാഹാരവും പൂർണമെന്ന് പറയാനാവില്ല. തുടർന്നാണ് ഇമാം മാലികുബ്നു അനസിന്റെ (ഹി. 94-179) *മുവത്വ* എന്ന ശ്രദ്ധേയമായ ഗ്രന്ഥം പുറത്തു വരുന്നത്. ലക്ഷണമൊത്ത ആദ്യത്തെ ഹദീസ് ഗ്രന്ഥമെന്ന് ഇതിനെ വിശേഷിപ്പിക്കാം. ഇതേ കാലത്ത് തന്നെയാണ് ഇമാം അബൂഹനീഫയുടെയും ആഗമനം. ഇസ്‌ലാമിക പഠനങ്ങൾക്ക് അദ്ദേഹം പുതിയ ദിശാബോധം നൽകിയെങ്കിലും ഹദീസ് സംബന്ധമായ രചനകളൊന്നും നടത്തുകയുണ്ടായില്ല. അതോടൊപ്പം ഖുർആനിലെന്നപോലെ ഹദീസിലും അഗാധ പാണ്ഡിത്യമുണ്ടായിരുന്നു അദ്ദേഹത്തിന്. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും മൂന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി ഉയർന്നുവന്ന മറ്റു രണ്ട് ഇമാമുകളായിരുന്നു ശാഫിഈയും അഹ്മദ് ഇബ്നു ഹമ്പലും.

### നാലാം ഘട്ടം

താബിഉത്താബിഇകളുടെ ഘട്ടമാണിത്. ഹി. 200 മുതൽ 300 വരെ. ഹദീസ് സാഹിത്യത്തിന്റെ സുവർണഘട്ടമെന്ന് ഇതിനെ വിശേഷിപ്പിക്കാം. തീവ്രവും നിശിതവുമായ ഹദീസ് നിരൂപണമാണ് ഈ ഘട്ടത്തിന്റെ സവിശേഷത. ഇവരിൽ പ്രധാ



നികളുടെ പേര് കാലക്രമം പാലിച്ച് താഴെ ചേർക്കുന്നു. ആറ് ഹദീസ് ഗ്രന്ഥങ്ങളുടെ (സ്വിഹാഹുസ്സിത്തഃ) കർത്താക്കളും ഈ കാലത്താണ് ജീവിച്ചത്:

1) അൽ വാഖിദി (ബഗ്ദാദ്; മരണം ഹിജ്റ 207.

2) ഇമാം അഹ്മദ് ഇബ്നു ഹമ്പൽ (ഹി. 164-241). ഇദ്ദേഹത്തിന്റെ മുസ്നദ് ഏറെ പ്രസിദ്ധം.

3) അബൂ നാഫിഅ്. ജനനം ഹി. 221 (യമൻ).

4) അബ്ദുല്ലാഹിബ്നു ഹകം (ജനനം ഹി. 221, ബസ്വറ).

5) യഹ്യബ്നു മുഈൻ. (ജനനം ഹി. 233, മദീന).

6) അബൂമുഹമ്മദ് അബ്ദില്ല ദാരിമി (ഹി. 181-255). ദാരിമി എന്ന പേരിൽ പ്രസിദ്ധനായി.

7) മുഹമ്മദുബ്നു ഇസ്മാഈൽ അൽബുഖാരി (194-256). അദ്ദേഹത്തിന്റെ *സ്വഹീഹ്* ആണ് ഏറ്റവും ആധികാരിക ഹദീസ് സമാഹാരം.

8) മുസ്‌ലിമുബ്നു അൽ ഖുശൈരിയുടെ (ഹി. 204-261) *സ്വഹീഹ്* ആണ് പിന്നീട് വരുന്ന പ്രാമാണിക ഗ്രന്ഥം.

9) ഇബ്നു മാജ (ഹി. 209-273).

10) അബൂദാവൂദ് (ഹി. 202-275).

11) അബൂ ഈസാ അത്തിർമിദി (ഹി. 209-279).

12) അബൂ അബ്ദുർറഹ്മാൻ നസാഈ. (ഹി. 214-303)

**അഞ്ചാം ഘട്ടം**

ഹിജ്റ 300 മുതൽ 600 വരെ. ഈ ഘട്ടത്തിലെ പ്രശസ്തരായ ഹദീസ് പണ്ഡിതന്മാർ:

1. അബുൽ ഹസൻ അലി അദ്ദാറഖുത്നി - ദാറഖുത്നി എന്ന പേരിൽ അറിയപ്പെടുന്നു. *സുനൻ* എന്നാണ് ഗ്രന്ഥത്തിന്റെ പേര്. (ഹി. 308-385)

2. അഹ്മദുബ്നു ഹുസൈൻ (ഹി. 360-ൽ മരണം)

3. അബൂബക്ർ അഹ്മദ് അൽ ബൈഹഖി. ബൈഹഖി എന്ന പേരിൽ പ്രസിദ്ധൻ. (ഹി. 348-456) *സുനനുൽ കുബ്റാ* എന്നാണ് ഗ്രന്ഥത്തിന്റെ പേര്.

4. നിഷാപൂരിലെ അൽ ഫഹ്മാനി (ജനനം ഹി. 405)

5. അബൂ ത്വൽഹ. (ജനനം ഹി. 417)

ഈ ഗ്രന്ഥങ്ങളിലെല്ലാം ഹദീസുകളോടൊപ്പം നിവേദകരുടെ ദീർഘമായ ശൃംഖലയും ഉൾപ്പെടുത്തിയിരുന്നു. പിന്നീട് വന്ന പഠിതാക്കൾക്ക് ഹദീസുകൾ മാത്രമേ അനിവാര്യമായിരുന്നുള്ളൂ. നിവേദക ശൃംഖലയില്ലാതെ ഹദീസുകൾ മാത്രം ഉൾക്കൊള്ളുന്ന ഗ്രന്ഥം ആദ്യമായി ക്രോഡീകരിച്ചത് അബുൽഹസൻ റസീൻ (മരണം ഹി. 520-ൽ) ആയിരുന്നു. തുടർന്ന് ശറഫുദ്ദീൻ എന്ന പണ്ഡിതൻ പരമ്പരകൾ വിട്ടുകളഞ്ഞ് *തജ്‌രീദുൽ ഉസ്വൂൽ* എന്ന ഗ്രന്ഥം രചിച്ചു. അബുൽ ഫറജ് അബ്ദുർറഹ്മാൻ അൽ ജസ്‌രി (ഹി. 517) ഇതേ രീതിയിൽ ഗ്രന്ഥമെഴുതിയിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ശ്രദ്ധേയമായ ഗ്രന്ഥം ഹുസൈൻ ഇബ്നു മസ്ഊദ് അൽ ഫറാഅ് (മരണം ഹി. 516-ൽ) രചിച്ച *മസ്വാഹീബുസ്സുന്നഃ* എന്ന ഗ്രന്ഥമാണ്. ആ ഗ്രന്ഥം വലിയുദ്ദീൻ അബൂ അബ്ദില്ല മുഹമ്മദ് ഒന്നു കൂടി വിപുലീകരിച്ച് *മിശ്കാത്തുൽ മസ്വാബീഹ്* എന്ന പേരിൽ പുറത്തിറക്കി.

ഈ കാലഘട്ടത്തിലെ മറ്റ് ചില പണ്ഡിതന്മാർ:

അബൂ യഹ്യ സകരിയ്യാ (ഹി. 631-677)

അബൂ ഈസാ അൽ ഹക്കാനീ (മ.ഹി. 694)

അനീസുദ്ദീൻ അൽ കനാനീ (മ.ഹി. 767)

അബ്ദുർറഊഫുൽ മനായി (മ.ഹി. 1031)

അബൂ അബ്ദില്ല നൈസാബൂരി

ഇബ്നു ഹിബ്ബാൻ

സിയാഉദ്ദീൻ അൽ മഖ്ദസി

ഇമാം സുയൂത്വി (ഹദീസിൽ ഇദ്ദേഹം രചിച്ച ജംഉൽ ജവാമിഅ് (جمع الجوامع) എന്ന ഗ്രന്ഥം പ്രസിദ്ധമാണ്). ■